(ഡി) കേരളത്തിൽ ആണവനിലയം സ്ഥാപിക്കുന്നതിനാവശ്യമായ അനുയോജ്യമായ സ്ഥലം ലഭ്യമാണോ എന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

45 (935) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിൽ എത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി വഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് താരതമ്യേന കുറവാണെന്ന് തെളിഞ്ഞിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം കൂടുതൽ പ്രോജക്ടുകൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഇത്തരമൊരു പദ്ധതി സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയിലില്ല. എന്നാൽ, കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഓഷ്യൻ ഡെവലപ്മെന്റിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയുടെ കീഴിൽ ഒരു ഗവേഷണ യൂണിറ്റ് തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി വിഴിഞ്ഞത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത് ഒരു ഗവേഷണ യൂണിറ്റാണ്. ഈ പദ്ധതിയിൽ നിന്നുള്ള പഠനങ്ങൾ ഏകദേശം സമാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പ്രതിദിനം 10,000 മുതൽ 15,000 ലിറ്റർ വരെ കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി വിതരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചുവരുന്നു. ഈ പദ്ധതി ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ മൺസൂൺ കാലത്തിനുശേഷം ഈ പദ്ധതിയിൽ നിന്നുള്ള ശുദ്ധജലം വിതരണം ചെയ്യാനാവുമെന്ന് കരുതുന്നു.

ഈ പദ്ധതിയിൽ നിന്നും 80-100 കെ. ഡബ്ല്യു വരെ പരമാവധി വൈദ്യുതിയും 10-15 കെ. ഡബ്ല്യു വരെ ശരാശരി വൈദ്യുതിയും ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly